**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **04-07-2022 - ൽ മറുപടിയ്ക്ക്**

**പുരാവസ്തുരേഖകളുടെ പകർപ്പ് ലഭ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പുരാവസ്തുരേഖകളുടെ പകർപ്പ് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് വകുപ്പ് സൗകര്യമൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (എ) | കേരള പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പുരാവസ്തുക്കളുടെ വിവരങ്ങൾ, ഫോട്ടോ ഗ്രാഫുകൾ എന്നിവ പഠനാവശ്യത്തിനും മറ്റും നൽകുന്നതിന് നിലവിൽ സംവിധാനമുണ്ട്.<br><br>പുരാരേഖാ വകുപ്പിന്റെ കൈവശമുള്ള പുരാരേഖകളുടെ പകർപ്പ് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സൗകര്യം വകുപ്പ് ഒരുക്കിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച സേർച്ച് ഫീസ്, അപേക്ഷ ഫീസ് എന്നിവ ഒടുക്കി അപേക്ഷ നൽകുന്ന മുറയ്ക്ക് ആവശ്യമുള്ള ഫോട്ടോകോപ്പികളുടെ എണ്ണത്തിനനുസരിച്ച് ഫീസ് ഒടുക്കി രേഖകൾ നേരിട്ടോ തപാൽ വഴിയോ കൈപ്പറ്റുന്നതിനും ഫീസ് TR-5 രസീത്, ഓഫീസിൽ നേരിട്ട്, ഇ-ട്രഷറി സംവിധാനം, ഡി.ഡി, മണി ഓർഡർ എന്നീ മാർഗ്ഗേന ഒടുക്കുന്നതിനും സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ